**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** **23-08-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്ത തലങ്ങളിൽ അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം 2 തവണ ചേരുകയും പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന 'ദിശ' സംസ്ഥാനതല യോഗത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഗ്രാമീണ വികസന പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി പാർലമെന്റിൽ വച്ച റിപ്പോർട്ടിൽ രാജ്യത്തുടനീളം ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു രൂപ പോലും ദുർവിനിയോഗം നടത്താതെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം മുന്നിലെന്ന് പരാമർശം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനദുർവിനിയോഗം ഇല്ലാതെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ കേരളം മുന്നിലാണെന്ന പരാമർശം സംസ്ഥാനത്തിന്റെ പദ്ധതി നടത്തിപ്പിന് കിട്ടിയ ഒരു വലിയ അംഗീകാരമാണ്. |
| (സി) | ബജറ്റ് തുക വെട്ടിക്കുറച്ചും ലേബർ ബജറ്റ് വെട്ടിക്കുറച്ചും ഈ പദ്ധതിയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ തൊഴിൽ രഹിതരുടെ ഉപജീവന മാർഗ്ഗം നില നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം 10.59 കോടി തൊഴിൽ ദിനങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചത്. സംസ്ഥാനത്തെ തൊഴിൽ ആവശ്യകത കണക്കാക്കി 2022-23 വർഷം 10.32 കോടി തൊഴിൽ ദിനത്തിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും 6 കോടി തൊഴിൽ ദിനങ്ങൾക്ക് മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എന്നിരുന്നാലും പദ്ധതി പുരോഗതി പരമാവധി നേടുന്നതിനും പരമാവധി കുടുംബങ്ങൾക്ക് തൊഴിലും ഉപജീവന ആസ്തികളും നൽകുന്നതിനുമുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സമ്പൂർണ്ണ നീർത്തട വികസന പദ്ധതിയായ 'നീരുറവ്' സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. കൂടാതെ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനുള്ള "മികവ്" പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന നൂറു തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി നൂറു തൊഴിൽ ദിനങ്ങൾ സംസ്ഥാനം അനുവദിച്ച് നൽകുന്നുണ്ട്. |
| (ഡി) | നഗരങ്ങളിലെ അനഭ്യസ്തരായ തൊഴിൽ രഹിതർക്ക് ഉപജീവന മാർഗ്ഗം എന്ന നിലയിൽ 2010-ൽ ആരംഭിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനവും വിവിധ തലങ്ങളിൽ പതിവായി നടത്തി വരുന്നുണ്ട്. ബഹു.വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24/06/2021, 24/11/2021, 06/05/2022 എന്നീ തീയതികളിൽ ചേർന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ യോഗങ്ങളിൽ പദ്ധതിയുടെ സംസ്ഥാനതല അവലോകനം നടത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ